**ഗവൺമെന്റ് പ്രമേയം**

## വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായി നിലനിർത്തണമെന്ന ആവശ്യം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): " സിക്ക് യൂണിറ്റായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൊൽക്കത്തയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന മാതൃകമ്പനിയുടെ ഭാഗമായുള്ള സ്ഥാപനമാണ് കോട്ടയം ജില്ലയിലെ വെള്ളൂരിലെ 700 ഏക്കറിൽ സ്ഥിതിചെയ്യുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്.

ഈ സ്ഥാപനത്തെ മാതൃകമ്പനിയിൽനിന്നും വിഭജിച്ചുകൊണ്ട് വന-വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്രപൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും വൈവിധ്യവത്കരണത്തിലൂടെ മുന്നോട്ടുപോകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കേന്ദ്രസർക്കാരിൽനിന്നും ഉണ്ടാകണമന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

"പ്രമേയത്തിലെ ഒന്നാം ഖണ്ഡികയ്ക്ക് താഴെയായി താഴെപ്പറയുന്ന ഖണ്ഡിക ചേർക്കുക.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് പ്രോജക്ടിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ തികച്ചും സൗജന്യ നിരക്കിലാണ് നൽകുന്നത്. മാത്രമല്ല ഫാക്ടറിക്ക് പൾപ്പ് ഉണ്ടാക്കുന്നതിന് ആവശ്യമായ മരം വച്ചുപിടിപ്പിക്കാൻ വനംവകുപ്പിൽനിന്ന് ആവശ്യമായ ഭൂമി സൗജന്യമായി നൽകിയിട്ടുമുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരമില്ലാത്ത ഏകപക്ഷീയമായ തീരുമാനം കേരളത്തിന്റെ താൽപര്യത്തിന് വിരുദ്ധമാണ്."

മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന്റെ ടോട്ടൽ contents-നോട് ഞാൻ യോജിക്കുകയാണ്. അതിൽ അഡീഷണലായിട്ടുള്ള ഒരു sentence കൂടി

പറയുകയാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് പ്രോജക്ടിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ തികച്ചും സൗജന്യ നിരക്കിലാണ് നൽകുന്നത്. മാത്രമല്ല, ഫാക്ടറിക്ക് പൾപ്പുണ്ടാക്കുന്നതിന് ആവശ്യമായ മരം വച്ചുപിടിപ്പിക്കാൻ വനം വകുപ്പിൽനിന്നും ആവശ്യമായ ഭൂമി സൗജന്യമായി നൽകിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരമില്ലാത്ത ഏകപക്ഷീയമായ തീരുമാനം കേരളത്തിന്റെ താൽപര്യത്തിന് വിരുദ്ധമാണ് എന്നുകൂടി ഈ പ്രമേയത്തിനകത്ത് ചേർക്കണം. അങ്ങനെ പറയുന്നതിനുള്ള കാരണം മാർക്കറ്റിൽ അയ്യായിരം രൂപ വിലയുള്ള തടി ആയിരം രൂപയ്ക്കാണ് നമ്മൾ അവർക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഒരുലക്ഷം ടൺ തടിയാണ് അവർക്ക് ഒരു വർഷത്തേയ്ക്ക് ആവശ്യമായിവരുന്നത്. അങ്ങനെ വരുമ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ വകയായി 50 കോടി രൂപ തടിയിനത്തിൽ മാത്രമായി ഈ ഫാക്ടറിക്ക് കൊടുക്കുകയാണ്. അവിടെ യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ആയിരം ഹെക്ടർ ഭൂമി നമ്മൾ കൊടുത്തിട്ടുണ്ട്. അയ്യായിരം ഹെക്ടർ ഭൂമിവേണമെന്നുള്ള അവരുടെ ഡിമാന്റ് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് അതുകൂടി കൊടുക്കുന്നതിനുവേണ്ടിയുള്ള എല്ലാ

നടപടികളുമായി വനംവകുപ്പ് നീങ്ങിയിട്ടുണ്ട്. അതിന്റെ തീരത്തുകൂടി ഒഴുകുന്ന ആറാണ് മൂവാറ്റുപുഴ ആറ്. മൂവാറ്റുപുഴ ആറ്റിൽനിന്നും അവർക്കാവശ്യമായ ജലം സൗജന്യമായി ലഭിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഈ സംസ്ഥാനത്തിന്റെ വനസമ്പത്തും ഈ സംസ്ഥാനത്തിന്റെ വനഭൂമിയും ഈ സംസ്ഥാനത്തിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന നമ്മുടെ സ്വന്തം ആറ്റിലെ ജലവും ഈ ഫാക്ടറിക്ക് സൗജന്യമായി കൊടുക്കുകയാണ്. അപ്പോൾ ഈ സംസ്ഥാനത്തിന്റെ ഒരു നിയന്ത്രണത്തിൽതന്നെയാകണമെന്നാണ് എന്റെ ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ആ അമെന്റ്മെന്റുകൂടി ദയവായി ഗവൺമെന്റ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഈ പ്രമേയത്തെ ശക്തിപ്പെടുത്തുന്ന ഒന്നാണ് ഈ ഭേദഗതി, അതുകൊണ്ട് ഇത് പൂർണ്ണമായും അംഗീകരിക്കുന്നു.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. നൂറ് ശതമാനത്തിലധികമാണ് അവിടത്തെ

ഉൽപ്പാദനം. തുടങ്ങിയ കാലംമുതൽ ഇന്നുവരെ ഈ സ്ഥാപനം ലാഭത്തിലാണ് പ്രവർത്തിച്ചുപോകുന്നത്. ലാഭമല്ലാത്ത യൂണിറ്റുകൾ ചിലർ വിൽക്കുന്നുവെന്ന് പറഞ്ഞാൽ, ഡിസ്ഇൻവെസ്റ്റുമെന്റ് നടത്തുന്നുവെന്ന് പറഞ്ഞാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇതെല്ലാം കേരളത്തിന്റെ ചെലവിലാണ്. ഇവിടെ ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ അവിടെ 700 ഏക്കർ ഭൂമി നമ്മൾ ഏറ്റെടുത്തുകൊടുത്തിട്ടുണ്ട്. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് ടി. വി. തോമസ് തോമസ് പ്രത്യേക താൽപര്യമെടുത്താണ് ഈ യൂണിറ്റ് ഇവിടെ വന്നത്. പക്ഷേ ഇത്രയും നല്ല പെർഫോമൻസുള്ള ഒരു യൂണിറ്റ് വിൽക്കാൻ പോകുകയാണ്. 2002-ലും ഇതിനുള്ള ഒരു നീക്കമുണ്ടായി, അന്ന് ഡിസ്ഇൻവെസ്റ്റുമെന്റ് നടത്തുന്നത് 74%-മെന്ന് പറഞ്ഞായിരുന്നു. ഇപ്രാവശ്യം ശതമാനമേ പറയുന്നില്ല. ഡിസ്ഇൻവെസ്റ്റുമെന്റ് എന്നേ പറയുന്നുള്ളൂ. ഔട്ട്റൈറ്റ് സെയിലാണ് അവർ ഉദ്ദേശിക്കുന്നത്. അവരിപ്പോൾ ഇതിനുവേണ്ടി അസറ്റ് വാല്യൂവർ, ലീഗൽ അഡ്വൈസർ, ട്രാൻസാക്ഷൻ അഡ്വൈസർ ഇവർ മൂന്നുപേരെ വെബ്സൈറ്റിലൂടെ അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നത് " Engagement

of a legal Adviser for disinvestment of share holdings of Hindustan Paper Corporation Limited in Hindustan News print Limited എന്നാണ്. ഇത് ഔട്ടറൈറ്റ് സെയിലിന് വേണ്ടിയുള്ളതാണ്. എനിക്ക് വയ്ക്കാനുള്ള നിർദ്ദേശം നമ്മൾ എടുത്തുകൊടുത്തിരിക്കുന്ന 700 ഏക്കർ സ്ഥലം അത് അവിടെ ഫാക്ടറി സെറ്റപ് ചെയ്യാനാണ്. അതിന് വ്യത്യസ്തമായി ഈ ഭൂമി ഉപയോഗിക്കാൻ പാടില്ലെന്ന നിലപാടെടുത്താൽ ഇത് വിൽക്കത്തില്ല. ഈ വിൽപ്പനയ്ക്കുള്ള ആകർഷണം ഈ 700 ഏക്കർ സ്ഥലമാണ്. കുറഞ്ഞവിലയ്ക്ക് അവിടുത്തെ പൊതുജനങ്ങളിൽ നിന്നേറ്റെടുത്ത് കൊടുത്തതാണ്. അന്ന് അവർ തന്ന രൂപയും അതിന്റെ പലിശയും കൂടി കൊടുത്തേക്കാം. അതിന്റെ നൂറിരട്ടിയാണ് ഇന്നവിടുത്തെ ഭൂമിയുടെ വില. അതുകൊണ്ട് ഒരു കാരണവശാലും ഈ ഭൂമി ഔട്ട്റൈറ്റ് സെയിലിന് കൊടുക്കില്ലെന്ന് സംസ്ഥാന ഗവൺമെന്റ് നമ്മുടെ ലാന്റ് അക്വസിഷൻ ആക്ടിലെ പ്രൊവിഷൻ വച്ചുകൊണ്ട് ഒരു പൊസിഷനെടുക്കണം. ഈ പ്രമേയം നമുക്ക് ഐകകണ്ഠ്യേന പാസ്സാക്കാം. പക്ഷേ അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഭൂമി വിട്ടുതരില്ലെന്ന് കാണിച്ച് ഒരു കത്തയയ്ക്കണം, അപ്പോൾ അവർ

ഈ നിലപാട് ഉപേക്ഷിക്കും. അല്ലെങ്കിൽ അവർ മൊത്തത്തിൽ വിൽപ്പന നടത്താനുള്ള നീക്കമാണ് നടത്തുന്നത്. അതുകൊണ്ട് ഈ പ്രമേയം പാസ്സാക്കുകയും അതിനെത്തുടർന്നുള്ള നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് പൊതുവിൽ എല്ലാപേരും അംഗീകരിക്കുന്ന ഒരു കാര്യമായതുകൊണ്ടാണ് ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് വിശദമായി പോകാതിരുന്നത്. ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടി വ്യക്തമാക്കിയ കാര്യം അത് പൊതുവിൽ നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യമായി ഉന്നയിക്കേണ്ട ഒന്നുതന്നെയാണ്. കാരണം 700 ഏക്കർ സ്ഥലം നാം നൽകിയിട്ടുള്ളത് ഈ സ്ഥാപനം അവിടെ പ്രവർത്തിക്കുന്നതിനുവേണ്ടിയാണ്. എന്നാൽ ആ സ്ഥലം മാത്രമല്ല ആവശ്യമായ എല്ലാ സൗജന്യങ്ങളും ഇതിന്റെ തുടർപ്രവർത്തനത്തിന് നൽകിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ സ്ഥാപനം നല്ല രീതിയിലാണ് നടന്നുപോകുന്നത്. കേരളത്തിൽ ഈ സ്ഥാപനം നിലനിൽക്കണമെന്നതാണ് നേരത്തെ തന്നെ ഇത്തരത്തിലുള്ള ഒരു നീക്കം കേന്ദ്ര ഗവൺമെന്റിന്റെ

ഭാഗത്തുനിന്നും ഉണ്ടായപ്പോൾ സംസ്ഥാന ഗവൺമെന്റ് നിലപാടെടുത്തിട്ടുള്ളത്. ഇപ്പോൾ വിൽപ്പനയുമായി ബന്ധപ്പെട്ട നീക്കങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വരുന്ന സാഹചര്യത്തിൽ ഈ ചൂണ്ടിക്കാണിച്ച തരത്തിലുള്ള ഒരു നിലപാട് നമുക്ക് സ്വീകരിക്കാവുന്നതാണ്. നമ്മുടെ സ്ഥലം ഈ ഫാക്ടറിക്ക് വേണ്ടിയാണ് നൽകിയിട്ടുള്ളത്. അല്ലാത്ത ഒരു ആവശ്യത്തിനും ഇത് ഉപയോഗിക്കാൻ പറ്റില്ല എന്ന നിലപാടുതന്നെ നമുക്ക് സ്വീകരിക്കാവുന്നതാണ്. ഇത്തരം കാര്യങ്ങളിൽ എല്ലാ ഘട്ടത്തിലും കേന്ദ്ര ഗവൺമെന്റിനെ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. നേരത്തെയും ബന്ധപ്പെട്ടിട്ടുണ്ട്. ഇനിയും ബന്ധപ്പെട്ടുകൊണ്ട് നമ്മുടെ നിലപാട് അറിയിക്കാവുന്നതാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

**ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.**